# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2416.

07-10-2016 ൽ മറുപടിയ്ക്ക്

## തിരുനെല്ലൂർ പാടശേഖരം കൃഷിയോഗ്യമാക്കാൻ പദ്ധതി

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്ത് തിരുനെല്ലൂർ പാടശേഖരത്തിലെ, കഴിഞ്ഞ 36 വർഷമായി തരിശായി കിടക്കുന്ന, 40 ഏക്കർ നിലം കൃഷിയോഗ്യമാക്കാൻ ആവശ്യമായ പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ, കഴിഞ്ഞ 36 വർഷമായി തരിശായിക്കിടക്കുന്ന 40 ഏക്കർ നിലം കൃഷിയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം കൂടുകയും അടിസ്ഥാന സൗകര്യ വികസനത്തിന് 88 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഇറിഗേഷൻ ചാൽ നിർമ്മാണത്തിനായി കർഷകരുടെ ഭൂമി സറണ്ടർ ചെയ്യേണ്ടതുണ്ട് എന്നുള്ളതിനാൽ തിരുനെല്ലൂരിൽ വെച്ച് 22.9.2016 ന് കർഷകരുടെ യോഗം വിളിച്ച് ചേർക്കുകയും പാടശേഖരം രജിസ്റ്റർ ചെയ്യുന്നതിനും ഇറിഗേഷൻ ചാൽ നിർമ്മിക്കുന്നതിന് കർഷകരുടെ സ്ഥലം സറണ്ടർ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കി എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | മോട്ടോർ,തറ, ഷെഡ്ഡ്, ചാലുകൾ, ബണ്ടുകൾ തുടങ്ങി ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി വരുന്ന ചെലവുകൾക്കായി കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ